**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3612** **05-08-2021 - ല്‍ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബി. യുടെ ലാഭ നഷ്ട കണക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കെ.എസ്.ഇ.ബി. ഓരോ വർഷവും രേഖപ്പെടുത്തിയ ലാഭം ,നഷ്ടം എന്നിവ എത്രയാണെന്ന് അറിയിക്കുമോ; സഞ്ചിത ലാഭം,നഷ്ടം എന്നിവ എത്രയാണെന്നും വ്യക്തമാക്കാമോ; | (എ) | 2015-16 മുതല്‍ 2019-20 വരെയുള്ള കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ലാഭ-നഷ്ട കണക്കും സഞ്ചിത ലാഭ-നഷ്ട കണക്കും സംബന്ധിച്ച പട്ടിക അനുബന്ധമായി ചേര്‍ത്തിട്ടുണ്ട്. 2020-21 ലെ കണക്കെടുപ്പ് പൂര്‍ത്തിയായിട്ടില്ല. |
| (ബി) | വൈദ്യുതി ബില്ലിംഗിനെക്കുറിച്ച് ഉയർന്നിരിക്കുന്ന വ്യാപകമായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരാതിക്കിടനൽകുന്ന തരത്തിൽ ബില്ലിംഗ് സംവിധാനത്തിൽ അപാകതകൾ ഉണ്ടാകാനിടയായിട്ടുള്ളത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (ബി) | കൊവിഡ് 19 ന്റെ ഭാഗമായുള്ള ആദ്യ ലോക്ക് ഡൗണ്‍ കാലത്ത് വന്ന വൈദ്യുതി ബില്ലിംഗിനെക്കുറിച്ച് പരാതി ഉയര്‍ന്നതു ശ്രദ്ധയില്‍പ്പെട്ടിരുന്നു. കെ.എസ്.ഇ.ബി.എല്‍ ദ്വൈമാസ ഉപഭോക്താക്കളെ രണ്ട് സോണുകളായി തിരിച്ചിട്ടാണ് മീറ്റര്‍ റീഡിങ് എടുത്തു വരുന്നത്. കൊവിഡ് 19 മഹാമാരിയുടെ വ്യാപനം തടയുന്നതിന്റെ ഭാഗമായി കെ.എസ്.ഇ.ബി.എല്‍ 24.03.2020 മുതല്‍ മീറ്റര്‍ റീഡിംഗും കൗണ്ടര്‍ വഴിയുള്ള ക്യാഷ് കളക്ഷനും നിര്‍ത്തി വെച്ചിരുന്നു. മീറ്റര്‍ റീഡിംഗ് എടുക്കാന്‍ സാധിക്കാത്തതിനെ തുടര്‍ന്ന് ഏപ്രില്‍ 15 വരെ ബില്‍ നല്‍കേണ്ട ഉപഭോക്താക്കള്‍ക്ക് മുന്‍ശരാശരിയുടെ അടിസ്ഥാനത്തിലാണ് ബില്ലുകള്‍ നല്‍കിയത്. ഏപ്രില്‍ 20 മുതല്‍ റീഡിംഗ് പുന:രാരംഭിച്ചപ്പോള്‍ ശരാശരി ബില്‍ നല്‍കാന്‍ സാധിക്കാത്ത ഉപഭോക്താക്കള്‍ക്ക് റീഡിംഗ് അടിസ്ഥാനത്തില്‍ ബില്‍ നല്‍കേണ്ട സാഹചര്യമുണ്ടായി. ഇത്തരം ഉപഭോക്താക്കള്‍ക്ക് അഞ്ച് മുതല്‍ പത്ത് ദിവസം (അതായത് 65 മുതല്‍ 70 ദിവസം വരെയുള്ള) വരെ താമസിച്ച് റീഡിംഗ് എടുക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ട് (പ്രതിമാസ ഉപഭോഗം ഏകദേശം 35 ദിവസം). ഇതുമൂലം സ്ലാബിന്റെ പരിധി കടന്നുപോയ ഉപഭോക്താക്കള്‍ക്ക് യഥാര്‍ത്ഥത്തില്‍ ബില്‍ ചെയ്യേണ്ട നിരക്കിനുപകരം ഉയര്‍ന്ന നിരക്കില്‍ ബില്‍ ചെയ്യപ്പെടുകയും അതിന്റെ ഭാഗമായി ഉയര്‍ന്ന തുക ബില്ലില്‍ രേഖപ്പെടുത്തപ്പെടുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യം ശ്രദ്ധയില്‍പ്പെട്ട ഉടനെ ബില്ലിംഗ് സോഫ്റ്റ് |

വെയറിൽ ആവശ്യമായ മാറ്റങ്ങൾ ഏപ്രിൽ28 മുതൽ നടപ്പിൽ വരുത്തുകയും ചെയ്തിട്ടുണ്ട്. ഈ മാറ്റം വരുത്തുന്നതിന് മുമ്പ് നൽകിപ്പോയ ബില്ലുകളിലും പിശക് തിരുത്തി നിയമാനുസൃതം നൽകേണ്ട തുക മാത്രമാണ് പിന്നീട് സ്വീകരിച്ചിരുന്നത്. സോഫ്റ്റ് വെയറിൽ തിരുത്തൽ വരുത്തുന്നതിന് മുമ്പ് ആരെങ്കിലും അധികത്തുക അടച്ച് പോയിട്ടുണ്ടെങ്കിൽ ആയത് അടുത്ത ബില്ലിൽ വരവ് വയ്ക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തിരുന്നു. ഇതു കൂടാതെ ലോക്ക്ഡൗൺ സമയത്ത് മുഴുവൻ കുടുംബാംഗങ്ങളും വീടുകളിൽത്തന്നെ തങ്ങിയ സാഹചര്യത്തിൽ ഗാർഹിക ഉപഭോക്താക്കളുടെ വൈദ്യുതി ഉപയോഗത്തിൽ ഗണ്യമായ വർദ്ധനവും ഉണ്ടായിട്ടുണ്ട്. ഇതുമൂലം ബില്ലുകളിൽ വരാവുന്ന വർദ്ധനയ്ക്ക് പുറമേ, ഉയർന്ന ഉപഭോഗ സ്ലാബുകളിൽ കൂടിയ നിരക്ക് ബാധകമായതിനാലും മുൻകാല ബില്ലുകളെക്കാൾ ഉയർന്ന തുക ഈ കാലയളവിൽ വന്നിരുന്നത് സ്വാഭാവികമായിരുന്നു. ലോക്ക്ഡൗൺ കാലയളവിൽ നൽകിയ എല്ലാ ഉയർന്ന ബില്ലുകൾക്കും തവണകളായി തുക അടയ്ക്കുവാനുള്ള സൗകര്യം അനുവദിക്കുകയും, വൈദ്യുതി ബിൽ അടക്കുന്നതിൽ താമസം നേരിട്ടാൽ ഈടാക്കിയിരുന്ന പലിശ കെ.എസ്.ഇ.ബി 31 ഡിസംബർ 2020-വരെ ഒഴിവാക്കി നൽകുകയും ചെയ്തിരുന്നു. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ സംസ്ഥാന സർക്കാർ നിർദ്ദേശപ്രകാരം, 2020 ഏപ്രിൽ 20 മുതൽ 2020 ജൂൺ 19 വരെ ഗാർഹിക ഉപഭോക്താക്കൾക്ക് നൽകിയ ബിൽ തുകയിൽ പ്രത്യേക സബ്സിഡിയും നൽകിയിരുന്നു. ലോക്ക്ഡൗൺ കാരണം ഗാർഹികേതര ഉപഭോക്താക്കളുടെ വൈദ്യുതി ഉപയോഗം കുറവായതിനാൽ വാണിജ്യ-വ്യാവസായിക ഉപഭോക്താക്കൾക്കും സ്വകാര്യ ആശുപത്രികൾക്കും മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിലെ ഫിക്സഡ് ചാർജ്ജിൽ 25% ഇളവ് നൽകാനും ഫിക്സഡ് ചാർജ്ജിന്റെ ബാക്കി 75% തുക പലിശ കൂടാതെ ഡിസംബർ 2020 വരെ അടയ്ക്കുന്നതിനും വൈദ്യുതി ബോർഡ് നടപടി സ്വീകരിച്ചിരുന്നു. സിനിമാ തിയേറ്ററുകൾ അടഞ്ഞു കിടന്ന കാലയളവിൽ ബാധകമായ നിശ്ചിത നിരക്കിന്റെ (ഫിക്സഡ് ചാർജ്ജ്) 50% ഇളവ് നല്കുകയും, തവണകളായി തുക അടയ്ക്കുവാനുള്ള സൗകര്യം അനുവദിക്കുകയും ചെയ്തിരുന്നു. ഓൺലൈനായി ബിൽതുക അടയ്ക്കുമ്പോൾ ഈടാക്കിയിരുന്ന ഇടപാട് നിരക്കുകൾ (Transaction charges) ഒഴിവാക്കുകയും ഓൺലൈൻ ഇടപാടുകൾ

| | | | |
|---|---|---|---|
| | | | പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ടി സൗകര്യം ആദ്യമായി പ്രയോജനപ്പെടുത്തുന്ന ഉപഭോക്താവിനു ബിൽ തുകയുടെ 5% (പരമാവധി 100 രൂപ) ഇളവ് നൽകുകയും ചെയ്തു വരുന്നു. കോവിഡ് രണ്ടാം തരംഗത്തിൽ സർക്കാർ നിർദ്ദേശപ്രകാരം, 2021 മെയ് മാസത്തെ വ്യവസായിക/വാണിജ്യ വൈദ്യുതി കണക്ഷനുകളുടെ 'ഫിക്സഡ് ചാർജ്ജ്/ഡിമാൻഡ് ചാർജ്ജിൽ' 25% -വും സംസ്ഥാനത്തെ സിനിമ തിയേറ്ററുകളുടെ 'ഫിക്സഡ് ചാർജ്ജ്/ഡിമാൻഡ് ചാർജ്ജിൽ' 50% -വും ഇളവ് നൽകുകയും, ഇളവ് കഴിച്ചുള്ള ബാക്കി തുക അടയ്ക്കുന്നതിന് 30.09.2021 വരെ സാവകാശം നൽകുകയും ചെയ്തുവരുന്നു. 1000 വാട്സ് വരെ കണക്റ്റഡ് ലോഡുള്ളതും, യൂണിറ്റിന് 1.50 രൂപ നിരക്കിൽ പ്രതിമാസം 40 യൂണിറ്റ് വരെ മാത്രം വൈദ്യുതി ഉപയോഗിക്കുന്നതുമായ ബിപിഎൽ വിഭാഗത്തിൽ പ്പെട്ട ഗാർഹിക ഉപഭോക്താക്കൾക്ക്, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ അനുമതിക്ക് വിധേയമായി ഇതേ നിരക്കിൽ പ്രതിമാസം 50 യൂണിറ്റ് വരെ വൈദ്യുതി ഉപയോഗിക്കാൻ അനുമതി അനുവദിച്ച് കൊണ്ടുള്ള ഉത്തരവ് കെ.എസ്.ഇ.ബി-യിൽ നടപ്പിലാക്കിയിട്ടുമുണ്ട് |
| (സി) | ഉപഭോക്താക്കളുടെ പരാതിയുടെ അടിസ്ഥാനത്തിൽ വൈദ്യുതി ബിൽ കുറയ്ക്കുന്നതിനോ ഉപഭോക്താക്കൾക്ക് എന്തെങ്കിലും ഇളവുകൾ നൽകുന്നതിനോ ഉദ്ദേശമുണ്ടോ; വ്യക്തമാക്കുമോ? | (സി) | കൊവിഡ് 19 ന്റെ ഭാഗമായുള്ള ആദ്യ ലോക്ക് ഡൗൺ കാലത്ത് വന്ന വൈദ്യുതി ബില്ലിംഗിനെക്കുറിച്ച് പരാതി ഉയർന്നതു ശ്രദ്ധയിൽപ്പെട്ടിരുന്നു. കെ.എസ്.ഇ.ബി.എൽ ദ്വൈമാസ ഉപഭോക്താക്കളെ രണ്ട് സോണുകളായി തിരിച്ചിട്ടാണ് മീറ്റർ റീഡിങ് എടുത്തു വരുന്നത്. കൊവിഡ് 19 മഹാമാരിയുടെ വ്യാപനം തടയുന്നതിന്റെ ഭാഗമായി കെ.എസ്.ഇ.ബി.എൽ 24.03.2020 മുതൽ മീറ്റർ റീഡിംഗും കൗണ്ടർ വഴിയുള്ള ക്യാഷ് കളക്ഷനും നിർത്തി വെച്ചിരുന്നു. മീറ്റർ റീഡിംഗ് എടുക്കാൻ സാധിക്കാത്തതിനെ തുടർന്ന് ഏപ്രിൽ 15 വരെ ബിൽ നൽകേണ്ട ഉപഭോക്താക്കൾക്ക് മുൻശരാശരിയുടെ അടിസ്ഥാനത്തിലാണ് ബില്ലുകൾ നൽകിയത്. ഏപ്രിൽ 20 മുതൽ റീഡിംഗ് പുന:രാരംഭിച്ചപ്പോൾ ശരാശരി ബിൽ നൽകാൻ സാധിക്കാത്ത ഉപഭോക്താക്കൾക്ക് റീഡിംഗ് അടിസ്ഥാനത്തിൽ ബിൽ നൽകേണ്ട സാഹചര്യമുണ്ടായി. ഇത്തരം ഉപഭോക്താക്കൾക്ക് അഞ്ച് മുതൽ പത്ത് ദിവസം (അതായത് 65 മുതൽ 70 ദിവസം വരെയുള്ള) വരെ താമസിച്ച് റീഡിംഗ് എടുക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ട് (പ്രതിമാസ ഉപഭോഗം ഏകദേശം 35 ദിവസം). ഇതുമൂലം സ്ലാബിന്റെ പരിധി കടന്നുപോയ ഉപഭോക്താക്കൾക്ക് യഥാർത്ഥത്തിൽ ബിൽ |

ചെയ്യേണ്ട നിരക്കിനുപകരം ഉയർന്ന നിരക്കിൽ ബിൽ ചെയ്യപ്പെടുകയും അതിന്റെ ഭാഗമായി ഉയർന്ന തുക ബില്ലിൽ രേഖപ്പെടുത്തപ്പെടുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യം ശ്രദ്ധയിൽപ്പെട്ട ഉടനെ ബില്ലിംഗ് സോഫ്റ്റ് വെയറിൽ ആവശ്യമായ മാറ്റങ്ങൾ ഏപ്രിൽ28 മുതൽ നടപ്പിൽ വരുത്തുകയും ചെയ്തിട്ടുണ്ട്. ഈ മാറ്റം വരുത്തുന്നതിന് മുമ്പ് നൽകിപ്പോയ ബില്ലുകളിലും പിശക് തിരുത്തി നിയമാനുസൃതം നൽകേണ്ട തുക മാത്രമാണ് പിന്നീട് സ്വീകരിച്ചിരുന്നത്. സോഫ്റ്റ് വെയറിൽ തിരുത്തൽ വരുത്തുന്നതിന് മുമ്പ് ആരെങ്കിലും അധികതുക അടച്ച് പോയിട്ടുണ്ടെങ്കിൽ ആയത് അടുത്ത ബില്ലിൽ വരവ് വയ്ക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തിരുന്നു. ഇതു കൂടാതെ ലോക്ക്ഡൗൺ സമയത്ത് മുഴുവൻ കുടുംബാംഗങ്ങളും വീട്ടുകളിൽത്തന്നെ തങ്ങിയ സാഹചര്യത്തിൽ ഗാർഹിക ഉപഭോക്താക്കളുടെ വൈദ്യുതി ഉപയോഗത്തിൽ ഗണ്യമായ വർദ്ധനവും ഉണ്ടായിട്ടുണ്ട്. ഇതുമൂലം ബില്ലുകളിൽ വരാവുന്ന വർദ്ധനയ്ക്ക് പുറമേ, ഉയർന്ന ഉപഭോഗ സ്ലാബുകളിൽ കൂടിയ നിരക്ക് ബാധകമായതിനാലും മുൻകാല ബില്ലുകളെക്കാൾ ഉയർന്ന തുക ഈ കാലയളവിൽ വന്നിരുന്നത് സ്വാഭാവികമായിരുന്നു. ലോക്ക്ഡൗൺ കാലയളവിൽ നൽകിയ എല്ലാ ഉയർന്ന ബില്ലുകൾക്കും തവണകളായി തുക അടയ്ക്കുവാനുള്ള സൗകര്യം അനുവദിക്കുകയും, വൈദ്യുതി ബിൽ അടക്കുന്നതിൽ താമസം നേരിട്ടാൽ ഈടാക്കിയിരുന്ന പലിശ കെ.എസ്.ഇ.ബി 31 ഡിസംബർ 2020-വരെ ഒഴിവാക്കി നൽകുകയും ചെയ്തിരുന്നു. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ സംസ്ഥാന സർക്കാർ നിർദ്ദേശപ്രകാരം, 2020 ഏപ്രിൽ 20 മുതൽ 2020 ജൂൺ 19 വരെ ഗാർഹിക ഉപഭോക്താക്കൾക്ക് നൽകിയ ബിൽ തുകയിൽ പ്രത്യേക സബ്സിഡിയും നൽകിയിരുന്നു. ലോക്ക്ഡൗൺ കാരണം ഗാർഹികേതര ഉപഭോക്താക്കളുടെ വൈദ്യുതി ഉപയോഗം കുറവായതിനാൽ വാണിജ്യ-വ്യാവസായിക ഉപഭോക്താക്കൾക്കും സ്വകാര്യ ആശുപത്രികൾക്കും മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിലെ ഫിക്സഡ് ചാർജ്ജിൽ 25% ഇളവ് നൽകാനും ഫിക്സഡ് ചാർജ്ജിന്റെ ബാക്കി 75% തുക പലിശ കൂടാതെ ഡിസംബർ 2020 വരെ അടയ്ക്കുന്നതിനും വൈദ്യുതി ബോർഡ് നടപടി സ്വീകരിച്ചിരുന്നു. സിനിമാ തിയേറ്ററുകൾ അടഞ്ഞു കിടന്ന കാലയളവിൽ ബാധകമായ നിശ്ചിത നിരക്കിന്റെ (ഫിക്സഡ് ചാർജ്ജ്) 50% ഇളവ് നല്കുകയും, തവണകളായി തുക അടയ്ക്കുവാനുള്ള സൗകര്യം അനുവദിക്കുകയും

| | | | |
|---|---|---|---|
| | | | ചെയ്തിരുന്നു. ഓൺലൈനായി ബിൽതുക അടയ്ക്കുമ്പോൾ ഈടാക്കിയിരുന്ന ഇടപാട് നിരക്കുകൾ (Transaction charges) ഒഴിവാക്കുകയും ഓൺലൈൻ ഇടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ടി സൗകര്യം ആദ്യമായി പ്രയോജനപ്പെടുത്തുന്ന ഉപഭോക്താവിനു ബിൽ തുകയുടെ 5% (പരമാവധി 100 രൂപ) ഇളവ് നൽകുകയും ചെയ്തു വരുന്നു. കോവിഡ് രണ്ടാം തരംഗത്തിൽ സർക്കാർ നിർദ്ദേശപ്രകാരം, 2021 മെയ് മാസത്തെ വ്യവസായിക/വാണിജ്യ വൈദ്യുതി കണക്ഷനുകളുടെ 'ഫിക്സഡ് ചാർജ്ജ്/ഡിമാൻഡ് ചാർജ്ജിൽ' 25% -വും സംസ്ഥാനത്തെ സിനിമ തിയേറ്ററുകളുടെ 'ഫിക്സഡ് ചാർജ്ജ്/ഡിമാൻഡ് ചാർജ്ജിൽ' 50% -വും ഇളവ് നൽകുകയും, ഇളവ് കഴിച്ചുള്ള ബാക്കി തുക അടയ്ക്കുന്നതിന് 30.09.2021 വരെ സാവകാശം നൽകുകയും ചെയ്തുവരുന്നു. 1000 വാട്സ് വരെ കണക്ടഡ് ലോഡുള്ളതും, യൂണിറ്റിന് 1.50 രൂപ നിരക്കിൽ പ്രതിമാസം 40 യൂണിറ്റ് വരെ മാത്രം വൈദ്യുതി ഉപയോഗിക്കുന്നതുമായ ബിപിഎൽ വിഭാഗത്തിൽ പ്പെട്ട ഗാർഹിക ഉപഭോക്താക്കൾക്ക്, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ അനുമതിക്ക് വിധേയമായി ഇതേ നിരക്കിൽ പ്രതിമാസം 50 യൂണിറ്റ് വരെ വൈദ്യുതി ഉപയോഗിക്കാൻ അനുമതി അനുവദിച്ച് കൊണ്ടുള്ള ഉത്തരവ് കെ.എസ്.ഇ.ബി-യിൽ നടപ്പിലാക്കിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| വർഷം | ലാഭ-നഷ്ടം (കോടി രൂപയിൽ) | സഞ്ചിത ലാഭ-നഷ്ടം (കോടി രൂപയിൽ) |
|---|---|---|
| 2015-16 | -313.29 | -1613.72 |
| 2016-17 | -1494.63 | -7407.88 |
| 2017-18 | -784.10 | -9776.61 |
| 2018-19 | -290.00 | -11,163.06 |
| 2019-20 | -269.55 | -12,104.43 |

സെക്ഷൻ ഓഫീസർ